## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4473 — 26.06.2014 ൽ മറുപടിക്ക്

### വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളായി മാറ്റുന്ന പദ്ധതി

| ചോദ്യം<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ. വില്ലേജ്ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റുന്നതിന് പദ്ധതിയു ണ്ടോ;വിശദമാക്കുമോ; | (എ) ഉണ്ട്. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗ-ത്തിലും (Speedy) ആധുനിക രീതിയിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent)സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടു കൂടിയാണ് സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരി-ച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്ത് എവിടെ വച്ചും (Any time Any where) ലഭ്യമാക്ക-വാനാണ് ലക്ഷ്യ മിടുന്നത്. ഇതിനായി ഇ -ഗവേണൻസ്, എംഗവേണൻസ് എന്നിവയെ പരമാവധി ആശ്രയിക്കുന്ന-തിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| (ബി) വയനാട് ജില്ലയിലെ ഏതെല്ലാം വില്ലേജു കളെയാണ് ഈ പദ്ധതിയിലേക്ക് തെരഞ്ഞെടു ത്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) വയനാട് ജില്ലയിലെ നൂൽപ്പുഴ വില്ലേജ് ഓഫീസിനെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) വില്ലേജുകളെ പ്രസ്തുത പദ്ധതിയിലേക്ക് തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;<br>(ഡി) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ വില്ലേജുകളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) യും (ഡി) യും സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി സംബന്ധിച്ച ശുപാർശയിൻമേൽ ലഭ്യമാക്കിയിട്ടുള്ള ഓരോ ജില്ലയിലേയും സ്മാർട്ട് വില്ലേജ് ആഫീസുകളാക്കി-മാറ്റേണ്ട വില്ലേജുകളുടെ ലിസ്റ്റിൽ നിന്നാണ് പ്രയോറിറ്റി അടിസ്ഥാന-ത്തിൽ വില്ലേജുകളെ തെരഞ്ഞെടു-ത്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ